# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4238 13.12.2018-ൽ മറുപടിക്ക്**

**കൈത്തറി ഉൽപ്പന്നങ്ങൾ ജനകീയമാക്കൽ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.പി.കെ.ശശി** | **ശ്രീ.ഇ.പി.ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) ഈ സർക്കാർ കൈത്തറി മേഖലയുടെ വികസനത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാം എന്ന് അറിയിക്കാമോ; | (എ) കൈത്തറി മേഖലയിലുണ്ടായിരുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനായി കൂടുതൽ നെയ്ത്തുകാരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും നെയ്ത്തുകാർക്ക് ന്യായമായ വേതനം, കൂടുതൽ തൊഴിൽ ദിനങ്ങൾ എന്നിവ ലഭിക്കുന്നതിനുമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പിലാക്കിയ പദ്ധതിയാണ് **സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി.** ഏകദേശം 4600-ഓളം നെയ്ത്തു തൊഴിലാളികളും അത്രത്തോളം അനുബന്ധ തൊഴിലാളികളും പദ്ധതിയുടെ ഭാഗമായി ജോലി ചെയ്യുന്നു. അവർക്ക് സ്ഥിരവരുമാനവും, കൂടുതൽ തൊഴിൽ ദിനങ്ങളും ലഭ്യമാക്കുകയും പൂട്ടികിടന്നിരുന്ന പല നെയ്ത്ത് സഹകരണസംഘങ്ങളും പ്രസ്തുത പദ്ധതിയിലൂടെ തുറന്നു പ്രവർത്തിപ്പിക്കുവാനും സാധിച്ചു. സ്കൂൾ യൂണിഫോം പദ്ധതി നിലവിൽ വന്നതിനുശേഷം ഏകദേശം 80 കോടിയിലധികം രൂപ തൊഴിലാളികൾക്ക് കൂലി ഇനത്തിൽ അനുവദിച്ചിട്ടുണ്ട്. നെയ്ത്തു തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽദിനങ്ങളും ഉയർന്ന കൂലിയും ലഭ്യമാക്കുന്നുണ്ട്. കൂടാതെ ഈ പദ്ധതിയുമായി ബന്ധപ്പെട്ട് നിശ്ചിത ടാർജറ്റിൽ കൂടുതൽ തുണി നെയ്യുന്ന തൊഴിലാളികൾക്ക് പ്രൊഡക്ഷൻ ഇൻസെന്റീവ് ആയി ഒരാഴ്ച പരമാവധി 1000/- രൂപ എന്ന നിരക്കിൽ കൂടുതലായി ലഭ്യമാക്കുന്നുണ്ട്. സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി കൈത്തറി മേഖലയ്ക്കും തൊഴിലാളികൾക്കും ഒരു പുത്തൻ ഉണർവ് സമ്മാനിച്ചിരിക്കുകയാണ്. |

തൊഴിൽ രഹിതരായ യുവജനങ്ങളെ കൈത്തറി നെയ്ത്ത് വ്യവസായ രംഗത്തേക്ക് ആകർഷിക്കുന്നതിന് വേണ്ടി "യുവവീവ്" പദ്ധതിയും നടപ്പിലാക്കി വരുന്നു. 18-40 നും മദ്ധ്യേ പ്രായമുള്ളവരാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. 20 പേർ അടങ്ങുന്ന ബാച്ചുകളിലായി സൗജന്യ നെയ്ത്തുപരിശീലനം നൽകുകയും, ആവശ്യമുള്ളവർക്ക് 5 വർഷം വരെ തൊഴിൽ സംരക്ഷണം ഉറപ്പ് വരുത്തുകയും ചെയ്യുന്നു. 6 മാസകാലയളവിൽ ആദ്യ മൂന്ന് മാസം സ്റ്റൈപന്റോടു കൂടി പരിശീലനവും, തുടർന്നുള്ള മൂന്ന് മാസം സ്റ്റൈപന്റും വേതനവും നൽകി വരുന്നു. പരിശീലനം പൂർത്തിയായവർക്ക് സൗജന്യമായി തറിയും ജോലി സ്ഥിരതതയും ഉറപ്പുവരുത്തുന്നു. കോഴിക്കോട്, കൊല്ലം, കോട്ടയം, പാലക്കാട്, ഇടുക്കി, ആലപ്പുഴ, തിരുവനന്തപുരം എന്നീ ജില്ലകളിലായി 15 ബാച്ചുകളായി ആകെ 300 പേർക്ക് പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

2017-18 സാമ്പത്തിക വർഷം മുതൽ സർക്കാർ നടപ്പിലാക്കിയ **'ഒരു വീട്ടിൽ ഒരു തറി'** എന്ന പദ്ധതി പ്രകാരം, നെയ്ത്ത് അറിയാവുന്നതും എന്നാൽ തറികൾ ഇല്ലാത്തതും വീടിനോട് അനുബന്ധിച്ച് പണിശാല ഉള്ളതുമായ വ്യക്തിഗത നെയ്ത്തുകാർക്കും കൈത്തറി സംഘങ്ങളിലെ പൊതുപണിശാലയിൽ പണിയെടുക്കുന്നതുമായ നെയ്ത്തുകാർക്കും ഒരു തറിയുടെ വിലയുടെ 75% തുക(പരമാവധി 40000/- രൂപ) സർക്കാർ ധനസഹായമായും ബാക്കി 25% തുക ഗുണഭോക്തൃ വിഹിതമായും വഹിക്കുന്ന രീതിയിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. 2017-18 സാമ്പത്തികവർഷം പ്രസ്തുത പദ്ധതിപ്രകാരം 279 വ്യക്തിഗത നെയ്ത്തുകാർക്കും കൈത്തറി നെയ്ത്ത് സംഘങ്ങളിലെ 43 നെയ്ത്തുകാർക്കും (ആകെ 322 നെയ്ത്തുകാർക്ക്) പുതിയ തറികൾ വാങ്ങുവാൻ 1,08,66,608 രൂപ സർക്കാർ ധനസഹായമായി നൽകിയിട്ടുണ്ട്.

കൂടാതെ പരമ്പരാഗത വ്യവസായമായ കൈത്തറിയുടെ പ്രോത്സാഹനത്തിന് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

| | |
|---|---|
| | 1)പ്രാഥമിക കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം.<br>2)ഹാന്റക്സ്, ഹാൻവീവ് എന്നിവയിലെ ഓഹരി പങ്കാളിത്തം.<br>3)നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിനുള്ള സബ്സിഡി.<br>4)ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനുള്ള മാർജിൻ മണി വായ്പ.<br>5)കൈത്തറി മേഖലയിൽ സ്വയം തൊഴിൽ സൃഷ്ടിക്കൽ/ബാലരാമപുരം ഹാന്റ്‌ലൂം ബിസിനസ് ഇൻക്യുബേഷൻ സെന്റർ, ഹാന്റക്സിനും ഹാൻവീവിനും ഓരോ ഡിസൈനർ സെന്ററുകൾ.<br>6)നെയ്ത്തുകാർക്കും മറ്റു തൊഴിലാളികൾക്കുമുള്ള പ്രചോദന പരിപാടി/കൈത്തറി തൊഴിലാളികൾക്കുള്ള ഉൽപാദന പ്രോത്സാഹന ധന സഹായം.<br>7)കൈത്തറി തൊഴിലാളികൾക്കുള്ള പ്രോത്സാഹനവും ക്ഷേമവും ലക്ഷ്യമാക്കിയിട്ടുള്ള അംശദാന സമ്പാദ്യ പദ്ധതി.<br>8)കൈത്തറി നെയ്ത്തുകാർക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി (മഹാത്മാഗാന്ധി ബങ്കർ ബീമാ യോജന).<br>9)വിപണന കയറ്റുമതി പ്രോത്സാഹനം.<br>10)കൈത്തറി സംഘങ്ങളുടെ ആധുനികവൽക്കരണവും മൂല്യ വർദ്ധിത ഉൽപന്നങ്ങളുടെ പ്രോത്സാഹനവും.<br>11)പരിശീലനം, നൈപുണ്യം, ശേഷി വികസന പദ്ധതി.<br>12)കൈത്തറിയുടെ പ്രചാരണം, പരിശീലനം, പഠനം, കൈത്തറി മാർക്ക് സ്കീമിന്റെ പ്രചാരണ സഹായം. |
| (ബി) കൈത്തറി ഉൽപ്പന്നങ്ങൾ കൂടുതൽ ജനകീയമാക്കുന്നതിനും വിപണനം വർദ്ധിപ്പിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (ബി) കൈത്തറി വസ്ത്രങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിനായി ദേശീയ അന്തർ ദേശീയ എക്സിബിഷനുകളിൽ പങ്കെടുത്ത് ഉൽപന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിറ്റഴിക്കുന്നതിനുമായി പ്രാഥമിക കൈത്തറി സംഘങ്ങൾക്കും അപ്പക്സ്, പൊതുമേഖലാ സ്ഥാപനങ്ങൾക്കും ധനസഹായം നൽകി വരുന്നു. കൈത്തറി ഉൽപന്നങ്ങളുടെ കയറ്റുമതി പ്രോത്സാഹനം ലക്ഷ്യമാക്കി പ്രാഥമിക സംഘങ്ങൾക്ക് കയറ്റുമതി ചെയ്യപ്പെടുന്ന |

ഉൽപന്നങ്ങളുടെ മൂല്യത്തിന്റെ 20% എക്സ്പോർട്ട് മാർക്കറ്റിംഗ് ഇൻസെന്റീവ് നൽകി വരുന്നു.

കൈത്തറി ഉൽപന്നങ്ങൾ കൂടുതൽ ജനകീയമാക്കുന്നതിന്റെ ഭാഗമായി സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നു. കൂടാതെ കൈത്തറി വസ്ത്രങ്ങൾക്ക് വിപണനം ലക്ഷ്യമിട്ട് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജിയുമായി ചേർന്ന് "കേരള കൈത്തറി" എന്ന പേരിൽ ഒരു ബ്രാൻഡിംഗ് പരിപാടി നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ